## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 3422

23.06.2014-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളി ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കി വരുന്ന 18 ക്ഷേമ പദ്ധതികൾ ചുവടെ പറയുന്നു.<br>1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി<br>2. മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം<br>3. വിവാഹ ധനസഹായം<br>4. വാർദ്ധക്യ കാല പെൻഷൻ<br>5. ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് ധനസഹായം<br>6. അപകടം മൂലമുണ്ടാകുന്ന താല്ക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി<br>7. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം<br>8. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്<br>9. കുടുംബ സംവിധാന പദ്ധതി<br>10. മാരക രോഗ ചികിത്സാ പദ്ധതി<br>11. ചെയർമാൻസ് റിലീഫ് ഫണ്ട്<br>12. ബോർഡിന്റെ പ്രത്യേക ധനസഹായം<br>13.പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി<br>14.ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി |

| | | | |
|---|---|---|---|
| | | | 15. മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പരിപാടി<br>16.വിധവാ പെൻഷൻ<br>17. കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം.<br>18.ക്രാഫ്റ്റ് ഇൻഷ്വറൻസ് |
| (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകി വരുന്ന ധനസഹായം എന്തെല്ലാമാണ് ; | (ബി) | ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടമരണത്തിനും, മത്സ്യബന്ധനത്തിനിടയിൽ കാണാതാകുന്നവരുടെ ആശ്രിതർക്കും, സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് 5 ലക്ഷം രൂപയും, മരണാനന്തര ശവസംസ്കാര ചിലവിന് പരമാവധി 2000/- രൂപയും, 2 കുട്ടികളുടെ വിദ്യാഭ്യാസ ചിലവിനായി പരമാവധി 10,000/- രൂപയും, സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 2,50,000/- രൂപയും ആശുപത്രി ചിലവിനായി പരമാവധി 20,000/- രൂപയും ധനസഹായമായി നൽകി വരുന്നു. |
| (സി) | ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2011 മുതൽ 2014 വരെ എത്ര തുക അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ? | (സി) | ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2011-14 വരെ ധനസഹായം വിതരണം ചെയ്തതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |

Jayasree

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ജില്ല | 2010-11 | 2011-12 | 2012-13 | 2013-14 |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 3674532 | 4324841 | 7540003 | 3913592 |
| 2 | കൊല്ലം | 3524752 | 6620329 | 5021041 | 2645249 |
| 3 | ആലപ്പുഴ | 3881414 | 4901563 | 6022677 | 3062822 |
| 4 | കോട്ടയം | 409622 | 1584422 | 2726574 | 530249 |
| 5 | ഇടുക്കി | 0 | 0 | 0 | 0 |
| 6 | പത്തനംതിട്ട | 0 | 0 | 0 | 0 |
| 7 | എറണാകുളം | 3328098 | 4091442 | 4982329 | 2993822 |
| 8 | തൃശ്ശൂർ | 505838 | 1528035 | 2780046 | 2746142 |
| 9 | മലപ്പുറം | 1555644 | 1045249 | 2720720 | 480012 |
| 10 | വയനാട് | 0 | 0 | 0 | 0 |
| 11 | പാലക്കാട് | 0 | 0 | 0 | 0 |
| 12 | കോഴിക്കോട് | 2051553 | 2781529 | 4229863 | 3566142 |
| 13 | കണ്ണൂർ | 918020 | 1026954 | 2752856 | 2749222 |
| 14 | കാസർഗോഡ് | 1952843 | 1786618 | 1718586 | 1561400 |
|  | ആകെ | 21802316 | 29690982 | 40494695 | 24248652 |

Jayasree
സെക്ഷൻ ഓഫീസർ